"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 — സാഹിത്യപ്രവർത്തക സഹകരണ സംഘം (എസ്.പി.സി.എസ്) ക്ലിപ്തം നമ്പർ 2458. - സാഹിത്യമ്യൂസിയത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പ്രപ്പോസലിന് അനുമതിയും ആദ്യ ഗഡു തുക അനുവദിക്കുന്നതിന് ഭരണാനുമതിയും നൽകിയിരുന്ന ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.294/2024/Co-Op തീയതി,തിരുവനന്തപുരം, 15-06-2024

---

പരാമർശം:- 1. സ.ഉ (സാ ധാ) നം. 662/2023/സഹ തീയതി 08/12/2023

2. 23/05/2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം

3. 24/05/2024 ലെ സഹകരണ സംഘം രജിസ്ട്രാറുടെ പി & എം ബി (3)8448/2023 നം കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സാഹിത്യ പ്രവർത്തക സഹകരണ സംഘം (എസ്.പി.സി.എസ്) ക്ലിപ്തം നമ്പർ 2458. ന്റെ ഉടമസ്ഥതയിൽ നാട്ടകത്തുള്ള ഇന്ത്യ പ്രസ്സ് കോമ്പൗണ്ടിൽ 'അക്ഷര'-ഭാഷാ-സാഹിത്യ-സാംസ്കാരികമ്യൂസിയത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കുള്ള 549.70910 ലക്ഷം രൂപയുടെ വിശദമായ പ്രോജക്റ്റ് പ്രപ്പോസലിന് അനുമതിയും , ഒന്നാം ഗഡു തുക അനുവദിക്കുന്നതിന് ഭരണാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പ്രോജക്ട് റിപ്പോർട്ടിൽ, ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായുള്ള രണ്ടാം ഭാഗമായി അനുവദിക്കേണ്ട തുക എന്ന് രേഖപ്പെടുത്തുന്നതിന് പകരം രണ്ടാം ഘട്ടം നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുക എന്ന് മാറി രേഖപ്പെടുത്തിവന്നതിനാൽ പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ ഉത്തരവിലും അപ്രകാരം തെറ്റായി രേഖപ്പെടുത്തി പുറപ്പെടുവിക്കപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച് വിഷയം 23/05/2024 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ചർച്ച ചെയ്യുകയും ടി ഉത്തരവ് ഭേദഗതി വരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. ടി യോഗ തീരുമാന പ്രകാരം പരാമർശം (1) ഭരണാനുമതി ഉത്തരവ് പുതുക്കി നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (3) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 'അക്ഷര'-ഭാഷാ-സാഹിത്യ-സാംസ്കാരികമ്യൂസിയത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കുള്ള 549.70910 ലക്ഷം രൂപയുടെ വിശദമായ പ്രോജക്റ്റ് പ്രപ്പോസലിന് അനുമതി എന്ന് രേഖപ്പെടുത്തി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്ന, ഭരണാനുമതി ഉത്തരവ്, "ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള രണ്ടാം ഭാഗ ധനസഹായമായി 549.70910 ലക്ഷം രൂപയുടെ വിശദമായ പ്രോജക്റ്റ് പ്രപ്പോസലിന് അനുമതി" എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJI PHILIP
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/306/2023/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Radhika P**
**Date: 15-06-2024 14:57:01**
സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്.

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി. എ ക്ക്.